**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** | **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും എന്ന ലക്ഷ്യം നേടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.<br><br>ഇതിനു പുറമെ എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ പ്രത്യേകമായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇക്കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | **പട്ടികജാതി വിഭാഗങ്ങൾ**<br><br>ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി 3998 കുടുംബങ്ങൾക്കും വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 4041 കുടുംബങ്ങൾക്കുമുൾപ്പെടെ ആകെ 8039 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗ വിഭാഗങ്ങൾ**<br><br>ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 271 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി 164 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം 1273 കുടുംബങ്ങൾക്കും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 80 കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 1517 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാ ണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവു വരുത്തിയിട്ടുണ്ട്.<br><br>ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സിൽ നിന്നും 70 വയസ്സായും വാർഷിക വരുമാന പരിധി 50,000/- രൂപയിൽ നിന്നും 1 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെ ധനസഹായ ത്തിന് പരിഗണിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി, ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, അർഹ രായ ഗുണഭോക്താക്കൾക്ക് പൊതുമേഖലാ/ഷെഡ്യൂൾഡ്/ സഹകരണ ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പ്പയ്ക്കായി പണയപ്പെടുത്താ വുന്നതാണ് എന്ന് വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ഡി) | ഭൂരഹിതരായ പട്ടികഗോത്ര കുടുംബങ്ങൾ ഇല്ലാത്ത ജില്ലയായി തിരുവനന്തപുരത്തെ മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരാണെന്ന് കണ്ടെത്തിയ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലാൻറ് ബാങ്ക് പദ്ധതി പ്രകാരം വീരണകാവ് വില്ലേജിൽ വാങ്ങിയ 2.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 128 പേർക്ക് 73.0643 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.<br><br>വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്കായി സമർപ്പി ക്കപ്പെട്ട അപേക്ഷകളിന്മേൽ ത്വരിത നടപടികൾ കൈക്കൊണ്ട് തിരുവന്തപുരം ജില്ലയെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പട്ടികജാതി വികസന വകുപ്പ്

- വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന **ഭൂരഹിത പുനരധിവാസ പദ്ധതി**യിൽ ഉൾപ്പെടുത്തി ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിച്ചു വരുന്നു.
- വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുള്ള വീടുകളുടെ പൂർത്തീകരണത്തിനായി ഒന്നര ലക്ഷം രൂപ അനുവദിക്കുന്ന **പ്രത്യേക ഭവന പൂർത്തീകരണ പദ്ധതിയും** വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.
-

### പട്ടികവർഗ്ഗ വികസന വകുപ്പ്

- ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന **ലാൻറ് ബാങ്ക്** പദ്ധതി, ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും അനുവദിക്കുന്ന ആദിവാസി പുനരധിവാസ മിഷൻ, പുനരധിവാസ മേഖലകളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്ന ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.
- കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനുംപുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം രൂപ വരെ അർഹരായവർക്ക് അനുവദിക്കുന്ന **ഭവനപുനരുദ്ധാരണ പദ്ധതി**യും നടപ്പിലാക്കി വരുന്നു .

(signature)

സെക്ഷൻ ഓഫീസർ